No. CEE/5454/2018/KEAM-2019/TA1

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# വിജ്ഞാപനം

# KEAM-2019

## സിദ്ധ (ബി.എസ്.എം.എസ്) കോഴ്സിലേയ്ക്ക് പ്രവേശനത്തിനായുള്ള സ്പോട്ട് അലോട്ട്മെന്റ് സംബന്ധിച്ച്

**ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജിലെ** സിദ്ധ (**ബി.എസ്.എം.എസ്**) കോഴ്സിന്റെ ഒഴിവുള്ള 25 സീറ്റിലേയ്ക്ക് പ്രവേശനം നടത്തുവാൻ 09.10.2019 ലെ ആയുഷ് (എ) വകുപ്പിന്റെ ഉത്തരവ് സ.ഉ.(സാധാ) നം.517/2019/ആയുഷ് പ്രകാരം അനുമതി ലഭിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ പ്രസ്തുത കോളേജിലെ ബി.എ സ്.എം.എസ് കോഴ്സിൽ ഒഴിവുള്ള സീറ്റുകൾ നികത്തുന്നതിനായുള്ള സ്പോട്ട് അലോട്ട്മെന്റ് **14.10.2019 രാവിലെ 11 മണിയ്ക്ക് തിരുവനന്തപുരം ശാന്തിനഗർ ഹൗസിംഗ് ബോർഡ് ബിൽഡിംഗിലെ 5–ാം നിലയിൽ പ്രവർത്തിക്കുന്ന പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ** വച്ച് നടത്തുന്നതാണ്. നിലവിൽ പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ചിട്ടുള്ള മെഡിക്കൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട വിദ്യാർത്ഥികളെ പരിഗണിച്ചശേഷവും സീറ്റുകൾ ഒഴിവുണ്ടെങ്കിൽ യോഗ്യമായി നീറ്റ് പെർസന്റയിൽ സ്കോർ നേടിയിട്ടുള്ള മറ്റ് വിദ്യാർത്ഥികളെയും ജനനസ്ഥലം പരിഗണിക്കാതെ അലോട്ട്മെന്റിനായി ഉൾപ്പെടുത്തുന്നതാണ്.

**സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ താത്പര്യമുള്ള വിദ്യാർത്ഥികൾ താഴെപ്പറയുന്ന രേഖകളുമായി ഹാജരാകേണ്ടതാണ്.**

1. നിശ്ചിത തുകയ്ക്കുള്ള ഡിമാന്റ് ഡ്രാഫ്റ്റ്, റ്റി.സി, യോഗ്യതാ സർട്ടിഫിക്കറ്റുകൾ എന്നിവയുടെ അസൽ രേഖകൾ.
2. കേരളത്തിലെ ഏതെങ്കിലും യൂണിവേഴ്സിറ്റിയിൽ നിന്നുള്ള എലിജിബിലിറ്റി സർട്ടിഫിക്കറ്റ് (കേരളാ ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററി/സി.ബി.എസ്.ഇ/സി.ഐ.എസ്.സി.ഇ ബോർഡിൽ നിന്നും പരീക്ഷ പാസ്സായവർ അല്ലെങ്കിൽ)
3. മൈഗ്രേഷൻ സർട്ടിഫിക്കറ്റ് (ബാധകമെങ്കിൽ)
4. ജനന തീയതി തെളിയിക്കുന്നതിനുള്ള രേഖ
5. **KEAM 2019** ഡാറ്റാ ഷീറ്റ് (കേരളാ സ്റ്റേറ്റ് മെഡിക്കൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് മാത്രം)
6. **NEET 2019** സ്കോർ ഷീറ്റ്.
7. **KEAM 2019** പ്രോസ്പെക്ടസ് അനുബന്ധം XVII (b) പ്രകാരമുള്ള ശാരീരിക ക്ഷമതാ സർട്ടിഫിക്കറ്റ്

| | |
|---|---|
| വാർഷിക കോഴ്സ് ഫീസ് | **1,89,000/– രൂപ** |
| പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അടയ്ക്കേണ്ടുന്ന ഫീസ് | **1,00,000/– രൂപ**<br>അലോട്ട്മെന്റ് ലഭിക്കുന്ന എസ്.സി./എസ്.റ്റി./ഒ.ഇ.സി/രജിസ്റ്റേർഡ് മത്സ്യത്തൊഴിലാളികളുടെ മക്കൾ എന്നീ വിഭാഗങ്ങളിലെ വിദ്യാർത്ഥികളും, G.O.(Ms)No.25/2005/SCSTDD, തീയതി: 20.06.2005, G.O.(Ms)No.10/2014/BCDD തീയതി: 23.05.2014 എന്നീ സർക്കാർ ഉത്തരവുകൾ അനുസരിച്ച് ഫീസ് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികളും ഫീസ് ഒടുക്കേണ്ടതില്ല. (പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ച ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് മാത്രം ബാധകം) |
| ഫീസ് ഒടുക്കേണ്ട വിധം | പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായി ബാക്കി തുക ഒടുക്കേണ്ടതുണ്ടെങ്കിൽ അത് പ്രവേശന സമയത്ത് കോളേജിൽ ഒടുക്കേണ്ടതാണ്. |
| വിദ്യാഭ്യാസ യോഗ്യത | BSMS കോഴ്സിലേയ്ക്കുള്ള പ്രവേശനത്തിന് കേരള ഹയർസെക്കന്ററി വിദ്യാഭ്യാസ ബോർഡിന്റെ ഹയർ ക്കെന്ററി പരീക്ഷയോ തത്തുല്യമെന്ന് അംഗീകരിക്കപ്പെട്ട മറ്റേതെങ്കിലും പരീക്ഷകളോ ബയോളജി/ബയോടെക്നോളജിക്കു മാത്രം 50 ശതമാനവും ഫിസിക്സ്, കെമിസ്ട്രി, ബയോളജി/ ബയോടെക്നോളജി എന്നിവയ്ക്ക് മൊത്തത്തിൽ 50 ശതമാനവും മാർക്കോടെ ജയിച്ചവർ അർഹരാണ്. ബയോളജി പഠിച്ചിട്ടില്ലെങ്കിൽ ബയോടെക്നോളജി വിദ്യാഭ്യാ യോഗ്യതയായി പരിഗണിക്കുന്നതാണ്. ഫിസിക്സ്, കെമിസ്ട്രി, ബയോളജി/ബയോടെക്നോളജി എന്നീ വിഷയങ്ങളിൽ പ്രത്യേകം ജയിച്ചിരി ക്കണം.<br>. |

ഹെൽപ്പ് ലൈൻ നമ്പരുകൾ: **0471 2332123, 2339101, 2339102, 2339103, 2339104**

തിരുവനന്തപുരം
11.10.2019

**പ്രവേശന പരീക്ഷാ കമ്മീഷണർ**